**D 11072** (Pages : 2) Name.......................................

Reg. No...................................

# THIRD SEMESTER P.G. DEGREE EXAMINATION, NOVEMBER 2021

(CCSS)

Malayalam

MAL 3E 05—ഇന്ത്യൻ സാഹിത്യം (INDIAN LITERATURE)

(2019 Admissions)

Time : Three Hours Maximum : 80 Marks

I. ഓരോന്നിനും അരപ്പുറത്തിൽ കവിയാതെ ഏതെങ്കിലും നാലു ചോദ്യത്തിന് ഉത്തരമെഴുതുക.

1 'ഗീതാഞ്ജലി'യുടെ ഒന്നാം ഗീതത്തിൽ പ്രതിഫലിക്കുന്നത് കവിയുടെ ആത്മസമർപ്പണമാണ്' —വിശദമാക്കുക.

2 വടക്കേ ഇന്ത്യയിലെ ചില പ്രദേശങ്ങളിൽ നിലനിൽക്കുന്ന രുദാലി എന്ന ആചാരത്തെക്കുറിച്ച് വിവരിക്കുക.

3 ഉപദേശവും പ്രവൃത്തിയും തമ്മിലുള്ള അന്തരം 'ചീട്ടുകളി ശീലം' എന്ന കഥയിൽ ആവിഷ്കരിച്ചിരിക്കുന്നതെങ്ങനെ ?

4 അജ്ഞേയ് (എസ്. എച്ച്. വാത്സ്യായൻ) രചിച്ച 'വീടുകൾ' എന്ന കവിതയിലെ വീട് എന്തിന്റെ പ്രതീകമാണെന്ന് വ്യക്തമാക്കുക.

5 അമൃതാപ്രീതം തന്റെ ആത്മകഥയ്ക്ക് 'റവന്യൂസ്റ്റാമ്പ് 'എന്ന് പേരു നൽകാൻ കാരണമെന്ത് ?

6 നിഷ്കാമമായ പ്രണയത്തിന്റെ ആവിഷ്ക്കാരമെന്ന നിലയിൽ പന്നലാൽ പട്ടേലിന്റെ 'മുടന്തനും കുരുടിയും' എന്ന കഥയെ പരിചയപ്പെടുത്തുക.

7 'എന്തതിശയമിത്' എന്ന കവിതയിലെ വീട്ടമ്മയ്ക്ക് അതിശയകരമായി തോന്നിയ ജീവിതാനുഭവങ്ങൾ എന്തെല്ലാമാണ് ?

(4 × 2 = 8 marks)

II. ഓരോന്നിനും നാലു പുറത്തിൽ കവിയാതെ ഏതെങ്കിലും നാലു ചോദ്യത്തിന് ഉത്തരമെഴുതുക.

8 ഇൻഡോ-ആര്യൻ ഗോത്രത്തിൽപ്പെട്ട പ്രധാന ഭാഷകൾ ഏതെല്ലാമാണ് ? ഓരോന്നിനെക്കുറിച്ചും വിവരണക്കുറിപ്പുകൾ തയ്യാറാക്കുക.

9 സ്ത്രീപക്ഷ സാഹിത്യ നിരൂപണത്തിന്റെ അടിസ്ഥാനത്തിൽ 'സഖാറാം ബയന്റർ' എന്ന നാടകത്തെ നിരൂപണം ചെയ്യുക.

10 റിയലിസത്തിന്റെ സങ്കേതങ്ങളും ബോധധാരാരീതിയും സമഞ്ജസമായി സമ്മേളിപ്പിച്ചിരിക്കുന്നുവെന്നതാണ് 'ആരോഗ്യനികേതന'ത്തിന്റെ ആഖ്യാന സവിശേഷത—വിലയിരുത്തുക.

CHMK LIBRARY, UNIVERSITY OF CALICUT

Turn over

11 കബീറിന്റെ ദോഹകളെ അടിസ്ഥാനമാക്കി അദ്ദേഹത്തിന്റെ ഈശ്വര സങ്കല്പത്തെക്കുറിച്ച് പ്രതിപാദിക്കുക.

12 ഒരു സമുദായത്തിലെ ആചാരാനുഷ്ഠാനങ്ങളുടെ യഥാതഥമായ ചിത്രീകരണത്തിനപ്പുറം വ്യക്തിയും സമൂഹവും തമ്മിലുള്ള സംഘർഷത്തിന്റെ കഥ കൂടിയാണ് യു.ആർ. അനന്തമൂർത്തിയുടെ 'സംസ്ക്കാരം' എന്ന നോവൽ. ഉപപാദിക്കുക.

13 ദ്രാവിഡ കാവ്യശാസ്ത്രത്തിലെ തിണസങ്കല്പത്തെ 'തലമുടിയുടെ വാസന', 'അനുരാഗം', 'എന്റെല്ലാം തടസ്സങ്ങൾ' എന്നീ കവിതകളെ മുൻനിർത്തി വിശകലനം ചെയ്യുക.

(4 × 10 = 40 marks)

III. ഓരോന്നിനും ആറു പുറത്തിൽ കവിയാതെ ഏതെങ്കിലും രണ്ടു ചോദ്യത്തിന് ഉത്തരമെഴുതുക.

14 ഭാരതീയ ഭാഷകളിലെ ക്ലാസ്സിക്-നിയോക്ലാസ്സിക് കാവ്യപാരമ്പര്യത്തെ താരതമ്യാത്മകമായി വിശകലനം ചെയ്യുക.

15 ഇന്ത്യയിലെ ദളിതർ അനുഭവിക്കുന്ന വിവേചനങ്ങളുടെയും പീഡനങ്ങളുടെയും സത്യസന്ധവും യഥാതഥവുമായ ആവിഷ്ക്കാരമാണ് ശരൺകുമാർ ലിംബാളെയുടെ 'ഹിന്ദു' എന്ന നോവൽ—ചർച്ച ചെയ്യുക.

16 ക്വിറ്റ് ഇന്ത്യാസമരം പശ്ചാത്തലമാക്കി രചിക്കപ്പെട്ട ഉജ്ജ്വലമായ നോവലാണ് യശ്പാലിന്റെ 'രാജ്യദ്രോഹി' —നിരൂപിക്കുക.

17 മനുഷ്യന്റെ സ്വത്വാന്വേഷണത്തിന്റെയും പ്രണയത്തിന്റെയും ലൈംഗികതൃഷ്ണയുടെയും കഥയാണ് ഗിരീഷ് കർണാടിന്റെ 'ഹയവദന' എന്ന നാടകം–വിലയിരുത്തുക.

(2 × 16 = 32 marks)

CHMK LIBRARY, UNIVERSITY OF CALICUT

**D 11073**

Name.......................................

Reg. No...................................

**THIRD SEMESTER P.G. DEGREE EXAMINATION, NOVEMBER 2021**

(CCSS)

Malayalam

MAL 3E 06—തമിഴ് സാഹിത്യം (TAMIL LITERATURE)

(2019 Admissions)

Time : Three Hours　　　　　　　　　　　　　　　　　　　　　　　Maximum : 80 Marks

I. അരപ്പുറത്തിൽ കവിയാതെ ഏതെങ്കിലും നാലെണ്ണത്തിന് ഉത്തരമെഴുതുക.

1 കണ്ണമ്മ-എൻ കുട്ടി എന്ന കവിതയുടെ ആശയമെഴുതുക.

2 തിരുക്കുറലിനുള്ള ആദ്യവിവർത്തനം ഏതു ഭാഷയിൽ ? പ്രത്യേകതയെന്ത് ?

3 തമിഴ്പ്പേരകരാതിയെക്കുറിച്ച് കുറിപ്പെഴുതുക.

4 "പണ്ടേയെന്നാമലെ പ്രേമിച്ചു പോന്നവൻ
മുമ്പിലണഞ്ഞൊരിക്കാമുകൻ താൻ"

—സന്ദർഭവും ആശയവും വിശദമാക്കുക.

5 കുറളുകൾ എന്ന തരംതിരിവിന് അടിസ്ഥാനമെന്ത് ?

6 ബുദ്ധനെ മറന്ന ഇടം എന്ന കവിതയുടെ ആശയമെന്ത് ?

7 പെരുംചോറ്റുതിയൻ ചേരലാതനെ കവി അവതരിപ്പിക്കുന്നതെങ്ങനെ ?

(4 × 2 = 8 marks)

II. നാലു പുറത്തിൽ കവിയാതെ ഏതെങ്കിലും നാലെണ്ണത്തിന് ഉത്തരമെഴുതുക.

8 പാലൈത്തിണ, കുറുഞ്ചിത്തിണ എന്നിവയെക്കുറിച്ച് വിശദീകരിക്കുക.

9 അകംകവിതകളുടെ പ്രത്യേകതകൾ പാഠഭാഗത്തെ ആസ്പദമാക്കി വിവരിക്കുക.

10 കമ്പരാമായണത്തിന് തമിഴ് സാഹിത്യത്തിലുള്ള സ്ഥാനമെന്ത് ?

11 തമിഴ് നിഘണ്ടുക്കളുടെ ചരിത്രത്തെക്കുറിച്ച് വിശദമാക്കുക.

12 മലയാളവും തമിഴും വ്യത്യാസപ്പെടുന്നതെങ്ങനെ ? വിശദമാക്കുക.

13 ചിലപ്പതികാരത്തിന്റെ പദ്യ പരിഭാഷയ്ക്ക് പാഠഭാഗത്തെ അധികരിച്ച് ആസ്വാദനം തയ്യാറാക്കുക.

(4 × 10 = 40 marks)

III. ആറ് പുറത്തിൽ കവിയാതെ ഏതെങ്കിലും രണ്ടെണ്ണത്തിന് ഉത്തരമെഴുതുക.

14 തമിഴിലെ പുതുകവിതകളുടെ സവിശേഷതകൾ പുതുനാനൂറിനെ ആസ്പദമാക്കി വിവരിക്കുക.

15 ചേരരാജവംശാവലിയെക്കുറിച്ച് പതിറ്റുപത്ത് നല്കുന്ന വിവരങ്ങൾ എന്തെല്ലാം ?

16 തിരുക്കുറലിന്റെ പ്രത്യേകതകളും പ്രാധാന്യവും വിവരിക്കുക.

17 അകം കവിതകൾ, പുറം കവിതകൾ തുടങ്ങിയ വിഭജനത്തിന് അടിസ്ഥാനമെന്ത് ? വിശദമാക്കുക.

(2 × 16 = 32 marks)

CHMK LIBRARY, UNIVERSITY OF CALICUT

**D 11074**

Name.......................................

Reg. No...................................

# THIRD SEMESTER P.G. DEGREE EXAMINATION, NOVEMBER 2021

(CCSS)

Malayalam

MAL 3E 07—ചലച്ചിത്ര പഠനം (FILM STUDIES)

(2019 Admissions)

Time : Three Hours | Maximum : 80 Marks

CHMK LIBRARY UNIVERSITY OF CALICUT

I. അരപ്പുറത്തിൽ കവിയാതെ ഏതെങ്കിലും നാലെണ്ണത്തിന് ഉത്തരമെഴുതുക.

1 ക്രോസ് കട്ടിംഗ് എന്നാലെന്ത് ?

2 ചലച്ചിത്ര ജനുസ്സുകൾ എന്നതുകൊണ്ട് അർത്ഥമാക്കുന്നതെന്ത് ?

3 മിസ്-എൻ-സീൻ എന്നാലെന്ത് ?

4 സിനിമാ ചിത്രീകരണത്തിൽ ആംഗിളുകൾക്കുള്ള പ്രാധാന്യമെന്ത് ?

5 ഇറ്റാലിയൻ നിയോറിയലിസം—കുറിപ്പെഴുതുക.

6 180 ഡിഗ്രി റൂൾ എന്താണ് ?

7 സിനിമാചരിത്രത്തിൽ ഓളവും തീരവും എന്ന സിനിമയ്ക്കുള്ള പ്രാധാന്യമെന്ത് ?

(4 × 2 = 8 marks)

II. നാലു പുറത്തിൽ കവിയാതെ ഏതെങ്കിലും നാലെണ്ണത്തിന് ഉത്തരമെഴുതുക.

8 ഡോക്യുമെന്ററി സിനിമകൾ എന്നാലെന്ത് ? നാനുക് ഓഫ് ദ നോർത്തിന്റെ ചരിത്രപ്രാധാന്യ വിശദമാക്കുക.

9 കുറ്റാന്വേഷണസിനിമ എന്ന നിലയിൽ കെ.ജി. ജോർജ്ജിന്റെ യവനികയെ അവതരിപ്പിക്കുക.

10 മൊണ്ടാഷ് എന്നാലെന്ത് ? ബാറ്റിൽഷിപ്പ് പോട്ടെംകിനെ ആസ്പദമാക്കി ചർച്ച ചെയ്യുക.

11 കളർ ഓഫ് പാരഡൈസ് എന്ന സിനിമയ്ക്ക് ഒരു ആസ്വാദനമെഴുതുക.

12 ഋതുപർണഘോഷിന്റെ ചിത്രാംഗദ വ്യത്യസ്തമായ ഒരാഖ്യാനമാകുന്നതെങ്ങനെ ?

13 വിവിധതരം എഡിറ്റിംഗ് സമ്പ്രദായങ്ങളെക്കുറിച്ച് എഴുതുക.

(4 × 10 = 40 marks)

III. ആറു പുറത്തിൽ കവിയാതെ ഏതെങ്കിലും രണ്ടെണ്ണത്തിന് ഉത്തരമെഴുതുക.

14 കുമ്പളങ്ങി നൈറ്റ്സ് എന്ന സിനിമയും ന്യൂജനറേഷൻ തരംഗവും–പരിശോധിക്കുക.

15 മേഘേ ധക്കാ താര എന്ന ഋത്വിക് ഘട്ടക്കിന്റെ സിനിമയുടെ പ്രസക്തിയെന്ത് ? വിലയിരുത്തുക.

16 സിനിമയിലെ വിവിധ ജനുസ്സുകളെക്കുറിച്ച് വിശദമായി അപഗ്രഥിക്കുക.

17 എഴുപതുകളിലെ നവതരംഗസിനിമകൾ ആസ്വാദന ശീലത്തിൽ കാര്യക്ഷമമായി ഇടപെടുന്നുവെന്ന് നിരീക്ഷിക്കാനാവുമോ ? ചർച്ച ചെയ്യുക.

(2 × 16 = 32 marks)

**D 11075** (Pages : 2) Name.....................................

Reg. No.................................

# THIRD SEMESTER P.G. DEGREE EXAMINATION, NOVEMBER 2021

(CCSS)

Malayalam

MAL 3E 08—മാധ്യമ പഠനം (MEDIA STUDIES)

(2019 Admissions)

Time : Three Hours Maximum : 80 Marks

I. ഓരോന്നിനും അരപ്പുറത്തിൽ കവിയാതെ ഏതെങ്കിലും നാലെണ്ണത്തിന് ഉത്തരമെഴുതുക.

1 ആശയ വിനിമയ പ്രക്രിയയിലെ വിവിധ ഘട്ടങ്ങൾ ഏതെല്ലാം ?

2 ബഹുമാധ്യമങ്ങളുടെ പ്രത്യേകതകൾ എന്തെല്ലാം ?

3 അനുകല്പനം എന്നതു കൊണ്ട് അർത്ഥമാക്കുന്നതെന്ത് ?

4 ടെലിവിഷനിലെ റിയാലിറ്റിഷോ–കുറിപ്പെഴുതുക.

5 ബ്ലോഗെഴുത്ത് എന്നാലെന്ത് ?

6 പത്രത്തിലെ ഫീച്ചറിന്റെ അടിസ്ഥാന സ്വഭാവമെന്ത് ?

7 റേഡിയോയുടെ തിരിച്ചു വരവിന് കാരണമെന്ത് ?

(4 × 2 = 8 marks)

II. ഓരോന്നിനും നാലു പുറത്തിൽ കവിയാതെ ഏതെങ്കിലും നാലെണ്ണത്തിന് ഉത്തരമെഴുതുക.

8 സാംസ്കാരികരംഗത്തെ പരിണാമങ്ങൾക്ക് മാധ്യമങ്ങൾ കാരണമായിത്തീരുന്നതെങ്ങനെയെന്ന് പരിശോധിക്കുക.

9 സമൂഹമാധ്യമങ്ങൾക്ക് രാഷ്ട്രീയ-സാംസ്കാരിക മേഖലകളിൽ ഇടപെടാനാവുന്നതെങ്ങനെ ? വിലയിരുത്തുക.

10 ടെലിവിഷനെ ഒരു സാംസ്കാരികോപകരണം എന്നു വിളിക്കുന്നത് ശരിയോ ? ചർച്ച ചെയ്യുക.

11 റിപ്പോർട്ടിംഗ് എന്നാലെന്ത് ? പത്രവാർത്തയും ടെലിവിഷൻ വാർത്തയും സമീപനങ്ങളിൽ വ്യത്യാസപ്പെടുന്നതെങ്ങനെ ?

12 വൈജ്ഞാനിക സാഹിത്യത്തിന്റെ വളർച്ചയിൽ പത്രമാസികകൾ ഇടപെടുന്നതെങ്ങനെയെന്ന് വിശദമാക്കുക.

13 സാമുദായിക പരിഷ്കരണശ്രമങ്ങളിൽ പത്രങ്ങൾ വഹിച്ച പങ്കെന്ത് ?

(4 × 10 = 40 marks)

CHMK LIBRARY, UNIVERSITY OF CALICUT

Turn over

III. ഓരോന്നിനും ആറു പുറത്തിൽ കവിയാതെ ഏതെങ്കിലും രണ്ടെണ്ണത്തിന് ഉത്തരമെഴുതുക.

14 മാധ്യമ നിലപാടുകളിലെ ധാർമ്മികതയെക്കുറിച്ചുള്ള ആകുലതകൾക്ക് അടിസ്ഥാനമെന്ത് ? വിമർശനാത്മകമായി പരിശോധിക്കുക.

15 മുഖ്യധാരാസിനിമകൾ, സമാന്തരസിനിമകൾ, പുതുതലമുറ സിനിമകൾ തുടങ്ങിയ വിഭജനത്തിന് അടിസ്ഥാനമെന്ത് ? വിലയിരുത്തുക.

16 മലയാള ഗദ്യത്തിന്റെ വികാസ പരിണാമങ്ങളിൽ മിഷണറിമാർ ഇടപെട്ടതെങ്ങനെയെന്ന് വിശദമാക്കുക.

17 പരസ്യങ്ങൾ, സിനിമ എന്നിവ സ്ത്രീകളെക്കുറിച്ചു പുലർത്തുന്ന ധാരണകൾ പലപ്പോഴും വിമർശിക്കപ്പെടാറുണ്ട്—എന്തു കൊണ്ട് ?

($2 \times 16 = 32$ marks)

CHMK LIBRARY, UNIVERSITY OF CALICUT